# സിറ്റിസൻ അസിസ്റ്റൻ്റ് വയനാട് ഉപജില്ല 2 അദാലത്ത് - നവകേരള സദസ് സ്പെഷ്യൽ

**Internal Vigilance Officer LSGD WYD** <ivolsgdwyd@gmail.com>
to gpedavaka

Wed, Dec 13, 2023, 7:11 AM

സിറ്റിസൻ അസിസ്റ്റൻ്റ് വയനാട് ഉപജില്ല 2 അദാലത്ത് - നവകേരള സദസ് സ്പെഷ്യൽ  സിറ്റിസൻ അസിസ്റ്റൻ്റ് വയനാട് ഉപജില്ല 2 അദാലത്തിൽ പരിഗണനയ്ക്കായി ലഭിച്ച BPWND21075000001പരാതി പോർട്ടൽ ലോഗിൻ ചെയ്ത് കാണുക. പരാതി അറ്റാച്ച് ചെയ്യുന്നു.  ഇന്ന് തന്നെ റിപ്പോർട്ട് മെയിൽ ചെയ്യുക.

അബ്ദുള്ള വി എം,
കൺവീനർ,
സിറ്റിസൻ അസിസ്റ്റൻ്റ് വയനാട് ഉപജില്ല 2 അദാലത്ത്

---

**One attachment** • Scanned by Gmail


From
[illegible]
To Respected Mr: Pinarayi Vijayan
Chief Minister of Kerala
5774

Activate Windows
Go to Settings to activate Window

എടവക ഗ്രാമപഞ്ചായത്ത് കാര്യാലയം
An ISO 9001 :2015 Certified Office
പി.ഒ എള്ളുമന്ദം , മാനന്തവാടി , വയനാട് ജില്ല , പിൻ - 670645
ഫോൺ: 04935 240366 , email - gpedavaka@gmail.com

നമ്പർ: എസ്.സി 3-7629/23 തീയതി: 15.12.23

സെക്രട്ടറി
എടവക ഗ്രാമപഞ്ചായത്ത്

ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശസ്വയംഭരണ വകുപ്പ്
വയനാട്

സർ,

വിഷയം: സിറ്റിസൻ അസിസ്റ്റന്റ് വയനാട് ഉപജില്ല 2 അദാലത്ത്-നവകേരള സദസ് സ്പെഷ്യൽ-മറുപടി നൽകുന്നത്-സംബന്ധിച്ച്.

സൂചന: സിറ്റിസൺ അസിസ്റ്റൻസ് ൽ ശ്രീ. സന്തോഷ് നൽകിയ അപേക്ഷ.

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധയെ ക്ഷണിക്കുന്നു, 21.06.2021 ലെ എടവക ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 5(1) നമ്പർ തീരുമാന പ്രകാരം ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി കല്ലോടി ടൗണിൽ എടവക ഗ്രാമപഞ്ചായത്തിൻറെ അധീനതയിലുള്ള സ്ഥലത്ത് ടോയിലെറ്റ് നിർമ്മിക്കുന്നതിന് മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന് സമ്മത പത്രം നൽകിയിരുന്നു. (1)ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള സ്ഥലത്തിന് പുറക് വശത്ത് സ്ഥലം ഉള്ള ശ്രീ ബിനുമൊട്ടൂർ എന്നവർ ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള സ്ഥലത്തിനോടനുബന്ധിച്ച് പുറകിലായി ഒന്നര സെൻറ് സ്ഥലം ഗ്രാമപഞ്ചായത്തിന് സൗജന്യമായി വിട്ടുനൽകുന്നതും ഗ്രാമപഞ്ചായത്തിൻറ സ്ഥലത്ത് ഉടെ മെയിൻ റോഡിൽ നിന്നും ടിയാൻറെ പ്ലോട്ടിലേക്ക് 3.5 മീറ്റർ വീതിയിൽ വഴിയായി മാത്രം ഉപയോഗിക്കാനായി ഏകദേശം അര ഭൂമി അനുവദിക്കുന്നതിനും തീരുമാനിച്ചു.(2)ഗ്രാമപഞ്ചായത്തിന് ബിനു മൊട്ടൂർ വിട്ടു നൽകുന്ന സ്ഥലത്ത് ഉൾപ്പെടെ വഴിയായി നിശ്ചയിച്ച ഭാഗം ഒഴിവാക്കി ടോയിലെറ്റ് നിർമ്മിക്കുന്നതിനും നിർമ്മിക്കുന്ന കെട്ടിടം ഗ്രാമപഞ്ചായത്ത് ആസ്തിയായിരിക്കുന്നതും കെട്ടിടനിർമ്മാണ ശേഷം ബ്ലോക്ക് പഞ്ചായത്ത് മേൽ നിർമ്മിതി 2022 ഏപ്രിൽ ഒന്നിന് മുമ്പായി പൂർത്തീകരിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറി നൽകേണ്ടതാണ് എന്ന വ്യവസ്ഥയിൽ ശ്രീ ബിനുമൊട്ടൂർ സ്ഥലം രജിസ്റ്റർ ചെയ്ത് തരുന്ന മുറക്ക് ടോയിലെറ്റ് നിർമ്മാണത്തിന് മാത്രം മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന് സമ്മത പത്രം നൽകുന്നതിന് തീരുമാനിച്ചു.

മേൽ തീരുമാനത്തിൻറെ അടിസ്ഥാനത്തിലാണ് ബ്ലോക്ക് പഞ്ചായത്തിന് ടോയ് ലെറ്റ് നിർമ്മാണത്തിനായി കല്ലോടിയിലുള്ള സ്ഥലം കൈമാറിയിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിച്ച് 2022 ഏപ്രിൽ 1 ന് മുൻപായി കെട്ടിടം ഉൾപ്പെടുന്ന സ്ഥലം ഗ്രാമപഞ്ചായത്തിന് കൈമാറി നൽകണമെന്നും തീരുമാനിച്ചിരുന്നു. ആയതിൻറെ അടിസ്ഥാനത്തിൽ കല്ലോടി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി 2022-23 വർഷത്തിൽ 20 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും ആസ്തി വിട്ടുനൽകാത്തതിനാൽ പ്രവൃത്തി നടപ്പിലാക്കുന്നതിന്

സാധിച്ചിട്ടില്ല.ഗ്രാമപഞ്ചായത്ത് ആസ്തി ബ്ലോക്ക് പഞ്ചായത്തിന് കൈമാറുമ്പോഴുള്ള നിബന്ധനപ്രകാരമുള്ള അടിനിലയിലെ ടോയ് ലെറ്റ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മുകൾനിലയിലെ പഞ്ചായത്ത് അനുമതി നൽകാത്ത നിർമ്മാണത്തിന് മാത്രമാണ് ഗ്രാമപഞ്ചായത്ത് സ്റ്റോപ്പ് മെമ്മോ നൽകിയിരുന്നത്. പ്രവൃത്തി പൂർത്തീകരിച്ച ടോയ്‌ലെറ്റ് ഗ്രാമപഞ്ചായത്തിന് കൈമാറുന്നപക്ഷം പദ്ധതിയിലുൾപ്പെടുത്തി ജലലഭ്യത ഉറപ്പാക്കി പൊതുജനങ്ങൾക്ക് തുറന്ന് നൽകുന്നതാണെന്നും, ടോയ് ലെറ്റ് നിർമ്മാണം പൂർത്തീകരിച്ചതിനാൽ ടി കെട്ടിടമുൾപ്പെടുന്ന സ്ഥലം ഗ്രാമപഞ്ചായത്തിന് വിട്ടുനൽകുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് നിർദ്ദേശം നൽകുന്നതിന് ബഹു. ജില്ലാ കളക്ടറോട് അപേക്ഷിക്കുന്നതിന് 05.10.23 ലെ ഭരണസമിതി 18(1) നമ്പർ പ്രകാരം തീരുമാനിച്ചിരുന്നു. മേൽ തീരുമാനപ്രകാരം ടി കെട്ടിടമുൾപ്പെടുന്ന സ്ഥലം വിട്ടുനൽകുന്നതിന് ബഹു. ജില്ലാ കളക്ടറോട് അപേക്ഷിക്കുകയും, 10.11.23 തീയതി ടി സ്ഥലമുൾപ്പെടുന്ന സ്ഥലം ഗ്രാമപഞ്ചായത്തിന് വിട്ടുനൽകുന്നതിന് കളക്ടർ ബ്ലോക്ക് പഞ്ചായത്തിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P.(C) No.35989 of 2023 നമ്പർ കേസിന്റെ വിധിന്യായം 27.11.23 തീയതി പുറപ്പെടുവിക്കുകയുണ്ടായി. ടി ഉത്തരവ് പ്രകാരം മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന് നിർമ്മാണം പൂർത്തിയാക്കാൻ കുറഞ്ഞത് നാല് മാസം കൂടി അനുവദിക്കാൻ ഗ്രാമപഞ്ചായത്തിന് അപേക്ഷ നൽകുന്നപക്ഷം അത് അനുകൂലമായി പരിഗണിക്കുകയും ചെയ്യണമെന്ന് നിർദ്ദേശിച്ച് വിധി പ്രസ്താവിച്ചിട്ടുള്ളതാണെന്ന വിവരവും സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

സെക്രട്ടറി
എടവക ഗ്രാമപഞ്ചായത്ത്

സെക്രട്ടറി
എടവക ഗ്രാമപഞ്ചായത്ത്

എടവക ഗ്രാമപഞ്ചായത്ത് ഓഫീസ്
പി.ഒ. എള്ളുമന്ദം
Pin: 670 645
04935 240366